തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്

ബജറ്റ് 2024-25

ആമുഖം

ഈ ഭരണസമിതി അധികാരത്തിൽ വന്നതിനുശേഷമുള്ള നാലാമത്തെ ബജറ്റ് ആണ് ഇന്നിവിടെ അവതരിപ്പിക്കുന്നത്. കഴിഞ്ഞ മൂന്നു ബജറ്റുകളിലും വിഭാവനം ചെയ്ത ഭൂരിഭാഗം പ്രവർത്തനങ്ങളും ജനാഭിലാഷത്തിനനുസരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞു എന്ന ആത്മ വിശ്വാസത്തോടെയാണ് 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് നിങ്ങൾക്ക് മുന്നിൽ വെക്കുന്നത്. വികസന ക്ഷേമ പ്രവർത്തനങ്ങളിൽ രാഷ്ട്രീയ വ്യത്യാസം മാറ്റിവെച്ച് ഒന്നിച്ചു നിൽക്കാൻ ഓരോ ഭരണസമിതി അംഗവും കാണിച്ച ജാഗ്രത പ്രശംസനീയമാണ്. ഇത് തുടരാൻ ആവട്ടെ എന്ന് ആത്മാർത്ഥമായി ആശിക്കുന്നു.

പറയിപെറ്റ പന്തിരുകുലത്തിലെ ശ്രേഷ്ഠനായ നാറാണത്തു ഭ്രാന്തന്റെ വിഹാര കേന്ദ്രമെന്ന് അറിയപ്പെടുന്ന പ്രശസ്തമായ രായിരനല്ലൂർ മലയും ഭ്രാന്താചല ക്ഷേത്രവും തലയെടുപ്പോടെ നിൽക്കുന്ന തിരുവേഗപ്പുറ പ്രസിദ്ധ ജാലവിദ്യകാരനായ പ്രൊഫസർ വാഴകുന്നം നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെ ജന്മം കൊണ്ടും പ്രസിദ്ധമാണ്. തൂതപ്പുഴയുടെ തീരത്ത് പാലക്കാട് ജില്ലയുടെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഈ കാർഷിക ഗ്രാമം സ്വാതന്ത്ര്യ സമരത്തിന്റെ ജ്വലിക്കുന്ന ഓർമ്മകൾ കൊണ്ട് സമ്പന്നമാണ്. സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ ശ്രദ്ധേയരായ നിരവധി പൂർവ്വ സൂരികൾ ജന്മം കൊണ്ട ഈ സാംസ്കാരിക ഭൂമികയിൽ നിന്നുകൊണ്ട് ബജറ്റ് പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ മനസ്സിലെത്തിയത് രാഷ്ട്ര പിതാവായ ഗാന്ധിജിയുടെ മഹത് വചനമാണ്

"കഠിനമായ ദാരിദ്ര്യത്താൽ വിശക്കുന്നവന്റെ മുന്നിലേക്ക്
ദൈവത്തിന് റൊട്ടിയും ആയിട്ടേ പ്രത്യക്ഷപ്പെടാനാകൂ"

സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്നവന്റെ മുഖം മനസ്സിൽ കാണാതെ തയ്യാറാക്കുന്ന ഏതൊരു പദ്ധതിയും പൂർണ്ണതയിൽ എത്തില്ല എന്ന ഉറച്ച വിശ്വാസത്തോടെ, പാർശ്വവൽക്കരിക്കപ്പെട്ടവന്റെ പക്ഷത്ത് അടിയുറച്ചു നിൽക്കാൻ പഠിപ്പിച്ച നാട്ടു കാരണവന്മാരുടെ ഓർമ്മകളുടെ കരുത്തോടെ, സാധാരണക്കാരന്റെ ജീവിതയാഥാർത്ഥ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നതിനും സാമൂഹ്യ സുരക്ഷിതത്വവും അടിസ്ഥാന സൗകര്യ വികസനവും ഉറപ്പാക്കുന്നതിനും കാർഷിക മേഖലയുടെ ഉത്തേജനത്തിനും പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഒരിക്കലും അവസാനിക്കാത്ത വികസന ആവശ്യങ്ങളുടെ പട്ടികയിലേക്ക് പരിമിതമായ വിഭവ സ്രോതസ്സുകൾ ചേർത്ത് വെക്കുമ്പോൾ ഉണ്ടാകുന്ന അന്തരം മറി കടക്കുന്നതിന് നമുക്ക് മുൻഗണനാ ക്രമങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. ജനകീയ പങ്കാളിത്തം എന്നത് വെറുമൊരു ആശയമല്ലെന്നും ഹൃദയത്തിൽ കയ്യൊപ്പ് ചാർത്തുന്ന പദ്ധതികൾ കൊണ്ട് നമുക്കത് കഴിഞ്ഞ കാലങ്ങളിലേതു പോലെ നേടാൻ ആകണമെന്നും അതിനായി ഒന്നിച്ചു നിൽക്കണം എന്നും ഓർമ്മിപ്പിച്ചുകൊണ്ട് ഈ ബജറ്റ് ഏവരുടെയും സജീവ ചർച്ചയ്ക്കായി സമർപ്പിക്കുന്നു.

ബജറ്റ് വിഭാവനം ചെയ്യുന്ന പ്രത്യേക പദ്ധതികൾ

ഗ്രാമപഞ്ചായത്ത് തുടർച്ചയായി കഴിഞ്ഞ കാലങ്ങളിൽ നടത്തിവരുന്ന മുഴുവൻ പദ്ധതികളും കൂടുതൽ സൂക്ഷ്മതയോടെ നടപ്പിലാക്കുന്നതിനുള്ള വിഹിതം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതോടൊപ്പം പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച ഒരു ലഘു വിവരണം ഇവിടെ ചേർക്കുന്നു. ലഭ്യമാക്കാൻ കഴിയുന്ന എല്ലാ വിഭവ സ്രോതസ്സുകളും ലഭ്യമാക്കുന്നതിന് ബജറ്റ് വിഭാവനം ചെയ്യുന്നു. കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതങ്ങളും മറ്റ് ജനപ്രതിനിധികളുടെയും ജില്ല, ബ്ലോക്ക് പഞ്ചായത്തുകളുടെയും വിഹിതങ്ങളും വിവിധ ഡിപ്പാർട്ട്മെന്റ് വിഹിതങ്ങളും ഗുണഭോക്ത വിഹിതം ഉൾപ്പെടെയുള്ള വിഭവങ്ങളും ലഭ്യമാകുമെന്ന് പ്രതീക്ഷയോടെയാണ് വരവുകൾ വിഭാവനം ചെയ്തിട്ടുള്ളത്. ഗ്രാമസഭകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും വികസന സെമിനാറിലും ഉയർന്നുവന്ന ജനകീയ ആവശ്യങ്ങൾ മുൻഗണനാ ക്രമം തീരുമാനിച്ച് സ്റ്റാൻഡിങ് കമ്മിറ്റികളുടെ അഭിപ്രായം പരിഗണിച്ച് നടപ്പ് സാമ്പത്തിക വർഷത്തിന്റെ ചിലവുകൾ കണക്കാക്കി ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഓരോ മേഖലയുടെയും പ്രതീക്ഷിത ചിലവുകളും തീരുമാനിച്ചിരിക്കുന്നു.

പ്രാരംഭ ബാക്കി 61,80,146 രൂപയും 2024-25 വർഷത്തെ പ്രതീക്ഷിത വരവ് 41,53,29,000 രൂപയും ഉൾപ്പെടെ ആകെ വരവ് 42,15,09,146 രൂപയും, ആകെ പ്രതീക്ഷിക്കുന്ന ചെലവ് 41,82,90,000 രൂപയും നീക്കിയിരിപ്പ് 32,19,146 രൂപയും വരുന്ന മിച്ച ബജറ്റ് ആണ് അവതരിപ്പിക്കുന്നത്. 2024-25 വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രത്യേക പദ്ധതികൾ ചുവടെ ചുരുക്കി പ്രതിപാദിക്കുന്നു.

- **<u>കാർഷിക മേഖലക്ക് മുന്തിയ പരിഗണന</u>**

ഓരോ വർഷവും പഞ്ചായത്ത് ഏറ്റവും കൂടുതൽ തുക വിനിയോഗിക്കുന്ന മേഖലകളിലൊന്നാണ് കാർഷിക മേഖല,നെൽകൃഷി രംഗത്ത് കർഷകർക്ക് ആവശ്യമായ, വിത്ത്, വളം, ലഭ്യമാക്കൽ കൂലിച്ചലവ് നൽകൽ ഉൾപ്പെടെ എല്ലാ വിധ പിന്തുണയും പഞ്ചായത്ത് നൽകി വരുന്നുണ്ട്. കൂടുതൽ കാര്യക്ഷമമായ രീതിയിൽ ഇത് തുടർന്നും നടപ്പിലാക്കും, തെങ്ങ്കൃഷി പ്രോത്സാഹനം, പച്ചക്കറി കൃഷി പ്രോത്സാഹനം,കൂട്ടുകൃഷി പ്രോത്സാഹനം, ഫലവൃക്ഷതൈ വിതരണം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും. കർഷകർ നേരിടുന്ന ഏറ്റവും വലിയ ഭീഷണിയായ കൃഷിനാശം വരുത്തുന്ന വന്യമൃഗങ്ങളുടെ ശല്യം കുറക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പ്രത്യേകം പദ്ധതി തയ്യാറാക്കി ജില്ല ആസൂത്രണ സമിതിയുടെ നൂതന പദ്ധതിക്ക് അംഗീകാരം നൽകുന്ന സമിതിക്ക് മുമ്പാകെ സമർപ്പിക്കും. അനുമതി ലഭ്യമാകുകകായണെങ്കിൽ കർഷകരുടെ സഹകരണത്തോടെ ഏറ്റവും ഫലപ്രദമായി രീതിയിൽ ഇത് നടപ്പിലാക്കും.

- **<u>എല്ലാവർക്കും ഭവനം</u>**

ഒരു വീട് സ്വന്തമാക്കുക എന്നത് ഏതൊരു സാധാരണക്കാരനും അവന്റെ ജീവിത കാലത്ത് നിറവേറ്റാൻ ആഗ്രഹിക്കുന്ന വലിയ സ്വപ്നങ്ങളിലൊന്നാണ്.നിലവിൽ ലൈഫ് മിഷൻ, പി.എം.എ.വൈ ഭവന പദ്ധതികളിലൂടെ മാത്രമേ അർഹരായവർക്ക് വീട് നൽകാൻ സാധിക്കുകയുള്ളു. ഭവന നിർമ്മാണത്തിനുള്ള ധനസഹായത്തിന് അർഹരായ നിരവധിയാളുകൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും നിലവിലെ നിയമങ്ങൾ പ്രകാരം ഇവരെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുവാനുള്ള അധികാരമോ സ്വാതന്ത്യമോ ഗ്രാമപഞ്ചായത്തിന് ഇല്ല എന്നത് ഖേദകരമായ കാര്യമാണ്. അർഹരായ മുഴുവൻ ആളുകൾക്കും പദ്ധതിക്കായി അപേക്ഷിക്കുവാൻ അവസരം നൽകണമെന്ന് കാണിച്ച് ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം ഇതിനോടകം സർക്കാരിലേക്ക് കത്ത് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അവസരം നൽകുകയോ, നിലവിലെ നിയമങ്ങളിൽ ഇളവ് വരുത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന കാര്യങ്ങളിലുൾപ്പെടെ പഞ്ചായത്തിന് കൂടുതൽ അധികാരം നൽകുകയോ ചെയ്യുന്ന കാര്യം സർക്കാർ പുന:പരിശോധിക്കേണ്ടതാണ്. പി.എം.എ.വൈ പദ്ധതിയിൽ കഴിഞ്ഞ രണ്ട് വർഷമായി പഞ്ചായത്തുകൾക്കുള്ള ടാർജറ്റ് നിശ്ചയിച്ച് നൽകാത്തത് മൂലം പദ്ധതി നിശ്ചലമായ അവസ്ഥ ആശങ്കജനകമാണ്.

തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ 482 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 137 ഗുണഭോക്താക്കളുമായി പഞ്ചായത്ത് ഇതിനോടകം കരാറിലേർപ്പെട്ടിട്ടുണ്ട്. ഇവരുടെ വീട് നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. ബാക്കി വരുന്ന മുഴുവൻ ഗുണഭോക്താക്കളുമായി കരാറിലേർപ്പെടുന്നതിനുള്ള തുക ഈ വർഷം ബജറ്റിൽ വകയിരുത്തുന്നുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ല പഞ്ചായത്ത് വിഹിതം,

സംസ്ഥാന വിഹിതം, ഹഡ്കോ ലോൺ വിഹിതം എന്നിവയാണ് ലൈഫ് മിഷനിലെ പ്രതീക്ഷിത വിഭവ സ്രോതസ്സുകൾ. ഇതിൽ മുഴുവൻ ഗുണഭോക്താക്കൾക്കുമുള്ള ഗ്രാമപഞ്ചായത്ത് വിഹിതം ഈ വർഷം വകയിരുത്തുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ഇതോടൊപ്പം ചെയ്യുന്നതാണ്. ഇത് കൂടാതെ ഏറ്റവും പ്രധാനപ്പെട്ട വിഭവ സ്രോതസ്സായ ലോൺ വിഹിതം ലഭ്യമാക്കുന്നതിന് ബഹു. പ്രസിഡന്റ് ലൈഫ് മിഷൻ സംസ്ഥാന ഡെപ്യൂട്ടി എക്സിക്യൂട്ടീവ് ഓഫീസറെ നേരിൽ കണ്ട് അഭ്യർത്ഥിക്കുകയും രേഖാമൂലം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതത്തിന് പുറമേ ലഭ്യമാകേണ്ട മേൽ പറഞ്ഞ വിഹിതങ്ങളും സംസ്ഥാന വിഹിതവും യഥാ സമയം ലഭ്യമാകുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

എല്ലാവർക്കും ഭവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഈ പ്രതീക്ഷകൾ മുൻ നിർത്തി ലൈഫ്മിഷൻ ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട കരാറിലേർപ്പെടാൻ അവശേഷിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുമായും പഞ്ചായത്ത് ഈ വർഷം കരാറിലേർപ്പെടുന്നതാണ്.

- **<u>ആരോഗ്യ മേഖലയിൽ സമഗ്ര മുന്നേറ്റം</u>**

പ്രാഥമിക ചികിത്സകൾക്കും രോഗ പ്രതിരോധത്തിനും മുൻതൂക്കം നൽകി ജനങ്ങളുടെ അടിസ്ഥാനപരമായ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക എന്നതാണ് പ്രാഥമിക തലങ്ങളിലുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ പൊതുവായ ലക്ഷ്യം. ഈ ലക്ഷ്യം മുൻനിർത്തി ആരോഗ്യ മേഖലയിൽ മികച്ച സംവിധാനങ്ങളും സൗകര്യങ്ങളും ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കും. അലോപ്പതി ആരോഗ്യ കേന്ദ്രം, ഹോമിയോ ഡിസ്പെൻസറി, ആയുർവ്വേദ ഡിസ്പെൻസറി, വിവിധ സബ് സെന്ററുകൾ മുതലായ വിപുലമായ സംവിധാനം നമുക്കിപ്പോൾ നിലവിലുണ്ട്. ഇവിടങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ കൂടുതൽ എളുപ്പത്തിലാക്കുന്നതിനും ജനകീയമാക്കുന്നതിനും പഞ്ചായത്ത് ലക്ഷ്യമിടുന്നു.

- **പി.എച്ച്.സി നവീകരണം**

പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ കെട്ടിടങ്ങളുടെയും കോമ്പൗണ്ടിന്റെയും നവീകരണം,പുതിയ ഫർണിച്ചറുകൾചികിത്സസൌകര്യങ്ങൾ വർധിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നി ലഭ്യമാക്കും

- **ക്യൂലെസ്സ് ഹോസ്പിറ്റൽ**

പഞ്ചായത്തിലെ ഏറ്റവും കൂടുതൽ ജനങ്ങൾ ആശ്രയിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രത്തെ കൂടുതൽ ജനകീയമാക്കുന്നതിനും പ്രയാസം കൂടാതെ ഏറ്റവും ലളിതമായ രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി ക്യൂലെസ്സ് ഹോസ്പിറ്റലാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

- **കൂടുതൽ കാര്യക്ഷമമായ ഈവനിംഗ് ഒ.പി**

പി.എച്ച്.സി യിൽ വരുന്ന രോഗികളുടെ വർധിച്ച തിരക്ക് മൂലം ഡോകടറുടെ സേവനം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് പരിഹരിക്കുവാനാവശ്യമായ ശ്രമങ്ങളുടെ

ഭാഗമായി പഞ്ചായത്ത് നിയമിച്ച അധിക ഡോക്ടറുടെയും ഫാർമസിസ്റ്റിന്റെയും സേവനം ഉപയോഗപ്പെടുത്തി ഈവനിഗ് ഒ.പി കൂടുതൽ കാര്യക്ഷമാക്കും.

- **മരുന്ന് ലഭ്യത വർധിപ്പിക്കും**

ആവശ്യ മരുന്നുകളുടെ ക്ഷാമം പലപ്പോഴും നേരിടുന്ന ഒരു പ്രതിസന്ധിയാണ്. പി.എച്ച്.സി യിൽ വരുന്ന രോഗികളുടെ എണ്ണത്തിന് അനുസൃതമായി ഡിപ്പാർട്മെന്റിൽ നിന്നും മരുന്നുകൾ ലഭ്യമാകാത്തതാണ് ഈ പ്രതിസന്ധിക്ക് കാരണം. ഇത് പരിഹരിക്കുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും 6 ലക്ഷം രൂപ വകയിരുത്തി അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കും.

- **ലാബിലേക്ക് അത്യാധുനിക ഓട്ടോമാറ്റിക് മെഷിനറികൾ**

മികച്ച രോഗനിർണ്ണയോപാധികൾ ലഭ്യമാക്കുന്നതിന് പി.എച്ച്.സി ലാബിൽ ഏറ്റവും ആധുനികമായി ഓട്ടോമാറ്റിക് മെഷിനറികൾ സ്ഥാപിക്കും. ഇത് വഴി പുറമെ നിന്നുമുള്ള പരിശോധനക്ക് വിടുന്ന വിവിധ ടെസ്റ്റുകൾ പി.എച്ച്.സി യിൽ തന്നെ ലഭ്യമാകും.

- **മികച്ച ഫാർമസി സൗകര്യം ലഭ്യമാക്കും**

ഫാർമസിയിലെ തിരക്ക് നിയന്ത്രിക്കുന്നതിനും മരുന്ന് വിതരണം വേഗത്തിലാക്കുന്നതിനുമായി ഫാർമസിയിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തും. പുതിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ, സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ, മരുന്നുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് റഫ്രജിറേറ്റർ, എ.സി എന്നിവ സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ നടപ്പിലാക്കും.

- **സബ്സെന്ററുകൾ ജനകീയ കേന്ദ്രങ്ങളാകുന്നു.**

ആരോഗ്യ രംഗത്തെ സേവനങ്ങൾ കൂടുതൽ ഫലപ്രദമാക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യ ഉപകേന്ദ്രങ്ങൾ ജനസൌഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്ത് നിർവ്വഹിക്കും. മുഴുവൻ ദിവസങ്ങളിലും ഉച്ചക്ക് ശേഷം സബ്സെന്ററുകളിൽ നിന്നും സേവനങ്ങൾ ലഭ്യമാകുന്ന രീതിയിൽ പ്രവർത്തനം ക്രമീകരിക്കുന്നതാണ്. കെട്ടിട നവീകരണം ഉൾപ്പെടെയുള്ള ഭൌതിക സാഹചര്യങ്ങൾ വർധിപ്പിക്കൽ, ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കൽ തുടങ്ങി സേവനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തികൾ നടപ്പിലാക്കുന്നതാണ്. ആയതിന് താഴെ പറയും പ്രകാരം തുക വകയിരുത്തുന്നതാണ്.

- വിളത്തൂർ സബ്സെന്റർ - 1000000/- രൂപ
- നെടുങ്ങോട്ടൂർ സബ്സെന്റർ 1000000/- രൂപ
- കൈപ്പുറം, ചെമ്ര സബ്സെന്റർ 1000000/- രൂപ
- തെക്കുമ്മല സബ്സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 5500000/-രൂപ

- **സബ്സെന്ററുകളിൽ ഡോക്ടറുടെ സേവനം**

ആരോഗ്യ കേന്ദ്രങ്ങളിലെ തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായും പഞ്ചായത്തിലെ വിദൂര പ്രദേശങ്ങളിലുള്ളവരുടെ യാത്ര സൗകര്യം പരിഗണിച്ചും വിളത്തൂർ, ചെമ്പ്ര സബ് സെന്ററുകളിൽ അലോപ്പതി, ഹോമിയോ ഡോക്ടർമാരുടെ സേവനം ആഴ്ച്ചയിൽ തെരഞ്ഞെടുക്കപ്പെട്ട ദിവസങ്ങളിൽ ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നു.

- **ആയുർവ്വേദ,ഹോമിയോ ഡിസ്പെൻസറികളുടെ നവീകരണം**

ആരോഗ്യ രംഗത്ത് പഞ്ചായത്തിലെ ഒട്ടനവധിയാളുകൾ ആശ്രയിക്കുന്ന പ്രധാനപ്പെട്ട കേന്ദ്രങ്ങളാണ് ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറികൾ, പഞ്ചായത്തിന്റെ നേതൃത്വത്തിൽ മികച്ച സേവനമാണ് ഇവിടങ്ങളിൽ നിന്നും നൽകി വരുന്നത്. ഡിസ്പെൻസറികളിലേക്ക് ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ മറ്റു ഇതര സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഡിസ്പെൻസറികളുടെ കെട്ടിടം, കോമ്പൗണ്ട് നവീകരണം, സേവനം മെച്ചപ്പെടുത്തൽ എന്നിവക്ക് 12 ലക്ഷം രൂപ വകയിരുത്തും. മരുന്നുകൾ വാങ്ങുന്നതിന് ആയുർവ്വേദ ഡിസ്പെൻസറിക്ക് 7 ലക്ഷം രൂപയും, ഹോമിയോ ഡിസ്പെൻസറിക്ക് 2 ലക്ഷം രൂപയും വകയിരുത്തും.

- **<u>സാന്ത്വനം പാലിയേറ്റീവിന് സ്പെഷ്യൽ കെയർ</u>**

ഗുരുതര രോഗമോ അപകടങ്ങളോ മൂലം കിടപ്പിലാകുന്ന രോഗികൾക്ക് ചികിത്സയും പ്രത്യേക പരിഗണനയും നൽകി അവരുടെയും കുടുംബത്തിന്റെയും അവസ്ഥയിൽ ഗുണകരമായ മാറ്റം ഉണ്ടാക്കുക എന്നതാണ് പാലിയേറ്റീവ് പരിചരണം കൊണ്ട് ലക്ഷ്യമിടുന്നത്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി നമ്മുടെ പ്രദേശങ്ങളിൽ മാരക രോഗം ബാധിക്കപ്പെട്ട ആളുകളുടെ എണ്ണം കൂടി വരികയാണ്. ഇത്തരം മാരക രോഗങ്ങൾ മൂലം രോഗികൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പുറമെ സാമ്പത്തികമായും സാമൂഹിക പരമായും ഇവരുടെ കുടുംബങ്ങൾ ഉൾപ്പെടെ അനുഭവിക്കുന്ന പ്രയാസങ്ങൾ ഏറെയാണ്. ഈ പ്രയാസങ്ങൾക്ക് വലിയ ആശ്വാസം നൽകാൻ സാന്ത്വനം പാലിയേറ്റീവ് കെയറിലൂടെ നമുക്ക് സാധിക്കുന്നുണ്ട്. പാലിയേറ്റീവ് കെയർ കൂടുതൽ ജനകീയമാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുവാനുദ്ദേശിക്കുന്നുണ്ട്. ജനകീയ ക്യാമ്പയിനിലൂടെ തത്പരരായ വളണ്ടിയർമാരെ ഇതിലേക്ക് ആകർഷിക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ഓക്സിജൻ കോൺസൻട്രേറ്റർ ഉൾപ്പെടെയുള്ള രോഗികൾക്കാവശ്യമായ കൂടുതൽ ഉപകരണങ്ങൾ ലഭ്യമാക്കും. കിഡ്നി രോഗം, ക്യാൻസർ രോഗം തുടങ്ങി മാരക രോഗം ബാധിക്കപ്പെട്ടവർക്ക് ആവശ്യമായി വരുന്ന ചികിത്സ ചെലവുകൾ ഒരു സാധാരണ കുടുംബത്തിന് താങ്ങാവുന്നതിലും അപ്പുറമാണ്. ഇതിന് ഒരു ആശ്വാസമെന്നോണം **കിഡ്നി, ക്യാൻസർ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കും. ഡയാലിസിസിന് വിധേയരാകുന്ന കിഡ്നി രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള ധനസഹായം പ്രതിമാസം ലഭ്യമാക്കും.ഈ പ്രവർത്തനങ്ങൾക്കായി 36 ലക്ഷം രൂപ വകയിരുത്തുന്നതാണ്.**

- **<u>ഗതാഗത മേഖലയിൽ 8 കോടി രൂപയുടെ റോഡ് പാക്കേജ്</u>**

അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മികച്ച ഗതാഗത സൗകര്യം. ഗ്രാമീണ റോഡുകളുടെ വളരെ വലിയ ശൃംഖലയുള്ള പഞ്ചായത്താണ് നമ്മുടേത്. ജൽജീവൻ മിഷൻ പ്രവർത്തികളുടെ ഭാഗമായി കുടിവെള്ള പൈപ്പിടുന്നതിന് വേണ്ടി ട്രഞ്ചിംഗ് നടത്തിയത് മൂലം പഞ്ചായത്തിലെ ഒട്ടുമിക്ക റോഡുകളും തകരാറിലായിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇവയുൾപ്പെടെ തകർച്ച നേരിടുന്ന റോഡുകൾ എല്ലാം ഗതാഗത യോഗ്യമാക്കുന്നതിനും ആവശ്യമായ പുതിയ റോഡുകളുടെ നിർമ്മാണത്തിനും ഉൾപ്പെടെ ഗതാഗത മേഖലയിലെ സമഗ്ര മുന്നേറ്റം ലക്ഷ്യം വെക്കുന്ന **8 കോടി രൂപയുടെ റോഡ് പാക്കേജ്** നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. വിവിധ ധനസ്രോതസ്സുകൾ സംയോജിപ്പിച്ച് ബഹു വർഷ പദ്ധതികളുൾപ്പെടെ തയ്യാറാക്കി രണ്ട് ഘട്ടങ്ങളായാണ് പാക്കേജ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

- **<u>എജ്യുവേഗയിലൂടെ വിദ്യഭ്യാസ മേഖലയിൽ സമഗ്ര പദ്ധതികൾ</u>**

വിദ്യാഭ്യാസ മേഖലയിലെ സമഗ്ര മുന്നേറ്റം ലക്ഷ്യം വെച്ച് പഞ്ചായത്ത് നടപ്പിലാക്കി വരുന്ന തനത് വിദ്യാഭ്യാസ പദ്ധതിയാണ് എജ്യുവേഗ. ഇതിനോടകം മികച്ച മുന്നേറ്റങ്ങളുണ്ടാക്കാൻ ഈ പദ്ധതിയിലൂടെ നമുക്ക് സാധിച്ചിട്ടുണ്ട്. എൽ.എസ്.എസ്, യു.എസ്.എസ് പരിശീലനം, പഠന സഹായികൾ ലഭ്യമാക്കൽ, അധ്യാപകർക്കുള്ള ഓറിയന്റേഷൻ, കുട്ടികൾക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കൽ, സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുണ്ട്. എജ്യുവേഗയുടെ പ്രവർത്തനങ്ങൾ ഈ വർഷവും മികച്ച രീതിയിൽ സംഘടിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ജി.യു,പി സ്കൂൾ നരിപ്പറമ്പിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 1500000/- രൂപയുടെ പദ്ധതികൾ ഈ വർഷം നടപ്പിലാക്കും. സ്കൂളുകളിൽ സ്പോർട്സ് കിറ്റ്, മെഡിക്കൽ കിറ്റ് എന്നിവ ലഭ്യമാക്കും, വാട്ടർ കിയോസ്ക്/വാട്ടർ പ്യൂരിഫയർ സ്ഥാപിക്കും. എൽ.എസ്.എസ്, യു.എസ്.എസ് ഉൾപ്പെടെയുള്ള കൂടുതൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കും.

- **<u>കരിയർ ക്ലിനിക്, തൊഴിൽ പരീക്ഷ പരിശീലനം</u>**

നമ്മുടെ നാട്ടിലെ നിരവധി യുവാക്കളുടെ സ്വപ്നമാണ് ഒരു സർക്കാർ ജോലി എന്നത്.തൊഴിലന്വേഷകരായ യുവാക്കൾക്കളെ സർക്കാർ മേഖലയിലുൾപ്പെടെയുള്ള **പി.എസ്.സി/യു.പി.എസ്.സി പോലോത്ത തൊഴിൽ പരീക്ഷകൾക്ക് പര്യാപ്തരാക്കുന്ന പരിശീലനങ്ങൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കും.** സ്വകാര്യ മേഖലയിലുൾപ്പെടെയുള്ള തൊഴിൽ രംഗത്തെ സാധ്യതകളും അവസരങ്ങളും ലഭ്യമാക്കുന്നതിനും, അഭിരുചികൾക്ക് അനുസരിച്ച ഉന്നത വിദ്യാഭ്യാസ മേഖലകൾ തെരഞ്ഞെടുക്കുന്നതിനുമുള്ള **കരിയർ ക്ലിനിക്കുകൾ നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു.**

- **<u>ബഡ്സ് സ്കൂൾ യാഥാർത്ഥ്യമാകുന്നു</u>**

ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസ, പുനരധിവാസ പ്രവർത്തനങ്ങൾ പൂർണ്ണത കൈവരിക്കുന്നതിന് ഏറെ നാളായി നാം ആഗ്രഹിച്ചിരുന്ന ഒന്നാണ് ഇവർക്ക് വേണ്ടി പ്രത്യേകമായി ഒരുക്കുന്ന ബഡ്സ് സ്കൂൾ. ഈ ലക്ഷ്യത്തിലേക്കുള്ള ചുവട് വെപ്പ് ഈ വർഷത്തിൽ തന്നെ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. ബുദ്ധിപരമായ ബലഹീനതകൾ നേരിടുന്നവർക്കുള്ള പ്രത്യേക വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസം പോലെതന്നെ ക്രമാനുസൃതവും ശാസ്ത്രീയവുമായി രൂപപ്പെടുത്തുക വഴി മാത്രമേ ഇവരുടെ പരമാവധി വികസനം സാധ്യമാക്കാനും അവരെ സ്വാശ്രയത്ത്വത്തിലേയ്ക്ക് നയിക്കുന്നതിനും സാധിക്കുകയുള്ളൂ.വീടുകൾക്കുള്ളിൽ നാലു ചുമരുകൾക്കിടയിൽ തളയ്ക്കപ്പെടുന്ന ഭിന്നശേഷിക്കാരെയും അവരുടെ മാതാപിതാക്കളെയും ദാരിദ്ര്യത്തിന്റെയും ഒറ്റപ്പെടലിന്റെയും നീറുന്ന ജീവിതത്തിൽ നിന്നും സമൂഹത്തിന്റെ മുഖ്യധാരയുടെ ഭാഗമാക്കി മാറ്റാൻ ബഡ്സ് സ്കൂൾ യാഥാർത്ഥ്യമാകുന്നതിലൂടെ നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുവർഷ പദ്ധതിയായി **ബഡ്സ് സ്കൂൾ നിർമ്മാണത്തിനായി 40 ലക്ഷം രൂപ വകയിരുത്തുന്നതാണ്.**

- **<u>ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽചെയർ</u>**

ഭിന്നശേഷിക്കാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി പ്രത്യേകം പദ്ധതി തയ്യാറാക്കി ഉപകരണ നിർണ്ണയ ക്യാമ്പ് നടത്തി ഡോക്ടർമാർ നിർദ്ദേശിച്ച വിവിധ ഉപകരണങ്ങൾ ഭിന്നശേഷിക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ക്യാമ്പിൽ പങ്കെടുത്ത എല്ലാ ഭിന്നശേഷിക്കാർക്കും അവർക്ക് അനുയോജ്യമായ വിധത്തിലുള്ള ഉപകരണങ്ങൾ ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളോടൊപ്പം സഹജീവികളോട് കരുണ കാണിക്കുകയും അവരെ ചേർത്ത് പിടിക്കുകയും ആവശ്യമായ പിന്തുണയും സഹായവും ചെയ്ത് നൽകുന്ന ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത് വഴി നമുക്ക് ലഭിക്കുന്ന സന്തോഷവും സംതൃപ്തിയും ചെറുതല്ല. ഈ വിഭാഗത്തിലുൾപ്പെട്ട **ഇലക്ട്രോണിക് വീൽ ചെയർ ഉപയോഗിക്കാൻ പര്യാപ്തരാണെന്ന് ഡോക്ടർമാർ നിർദ്ദേശിച്ചവർക്ക് ആയത് ലഭ്യമാക്കുന്നതിനാവശ്യമായ പദ്ധതി ഈ വർഷം നടപ്പിലാക്കും.** ഭിന്നശേഷി സ്കോളർഷിപ്പ് അർഹരായ മുഴുവൻ പേർക്കും മാനദണ്ഡങ്ങൾ പ്രകാരമുള്ള മുഴുവൻ തുകയും ലഭ്യമാക്കുന്നതിനാവശ്യാമായ തുക വകയിരുത്തും.

- **ഭിന്നശേഷിക്കാരുടെ തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി**

സ്വന്തമായി തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാനാഗ്രഹിക്കുന്ന ഭിന്നശേഷിക്കാർക്ക് ആവശ്യമായ എല്ലാ പിന്തുണയും, സഹായങ്ങളും ചെയ്ത് നൽകുന്നതാണ്. ആവശ്യമായ സബ്സിഡികളും ധനസഹായവും ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു.

- **<u>വനിതകളുടെ ഉന്നമനത്തിന് പ്രത്യേക കരുതൽ</u>**

വനിതകളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ വനിതാ ശാക്തീകരണ പരിപാടികൾ എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകുന്നതാണ്. വ്യവസായ സംരഭങ്ങൾ തുടങ്ങാൻ താൽപ്പര്യമുള്ള വനിതകളെ കണ്ടെത്തി ഇവർക്കാവശ്യമായ ധനസഹായം ഉൾപ്പെടെയുള്ള എല്ലാ പിന്തുണകളും നൽകും. പട്ടികജാതി വനിതകൾക്കുള്ള വിവാഹ ധനസഹായം ലഭ്യമാക്കും. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും കൌമാരക്കാരായ പെൺകുട്ടികൾക്കും ഗ്രാമപഞ്ചായത്ത് പദ്ധതി വഴി അംഗൻവാടികളിലൂടെ വിതരണം ചെയ്യുന്ന പോഷകാഹാര പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കും, ഇതിനായി 3000000 രൂപ/- വകയിരുത്തും. പദ്ധതിയുടെ മോണിറ്ററിംഗിനായി വാർഡ് മെമ്പർ, JPHN, ആശാവർക്കർമാർ എന്നിവരെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കും. ഗർഭിണികൾക്ക് പ്രസൂതി ആയുർവ്വേദ മരുന്നുകൾ ലഭ്യമാക്കും ഇതിനായി പ്രത്യേകം തുക വകയിരുത്തുന്നതാണ്. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കുടുംബ സ്ത്രീകളുടെയും പഞ്ചായത്ത് പ്രദേശത്തെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ജെൻഡർ റിസോഴ്സ് സെൻറർ രൂപീകരിക്കുന്നതാണ്. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വനിതാ ജനപ്രതികൾ,കുടുംബശ്രീ അംഗങ്ങൾ,ഐ.സി.ഡി.എസ് സൂപ്പർവൈസർ, വനിതാ പദ്ധതികളിൽ സഹായിക്കാൻ കഴിയുന്ന സന്നദ്ധപ്രവർത്തകർ എന്നിവരെ ഉപയോഗപ്പെടുത്തി വിപുലമായ സംവിധാനം ഒരുക്കുന്നതാണ്. യോഗ പരിശീലനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം യോഗ പരിശീലനിത്ത് താല്പര്യമുള്ളവർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന തരത്തിലുള്ള ട്രെയിനിങ് നൽകുന്നതാണ്. കൂടാതെ വ്യത്യസ്ത ഏജൻസികളുടെ സഹായത്തോടെ കേക്ക് നിർമ്മാണം,തയ്യൽ പരിശീലനം, പേപ്പർ ബാഗ് നിർമ്മാണം ഉൾപ്പെടെയുള്ള സ്വയം തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. വനിതകൾക്കായുള്ള പദ്ധതികൾ ഏകോപിപ്പുക്കുന്നതിനും കാര്യക്ഷമമായി നടത്തിപ്പുനുമായി പ്രത്യേകമായി വിമൺ ഫെസിലിറ്റേറ്ററെ നിയമിക്കും.

- **<u>മുട്ടഗ്രാമം പദ്ധതി</u>**

ഗ്രാമപഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ആവശ്യമായ കോഴിമുട്ടകൾ പഞ്ചായത്തിൽ തന്നെ ഉത്പാദിപ്പിക്കാൻ ഉതകുന്ന രീതിയിൽ മുട്ടഗ്രാമം പദ്ധതി നടപ്പിലാക്കും. വനിതകൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലിക്കുവാനുദ്ദേശിക്കുന്നത്. ഇത് വഴി പദ്ധതിയിൽ ഗുണഭോക്താക്കളാകുന്ന വീട്ടമ്മമാർക്ക് ആദായം ലഭ്യമാകുന്നതിനും ഗുണനിലവാരമുള്ള മുട്ട വിതരണത്തിലൂടെ പോഷക സമൃദ്ധമായ ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഗ്രാമസഭ വഴി തെരഞ്ഞെടുക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് MGNREGS പദ്ധതിയിലുൾപ്പെടുത്തി കോഴിക്കൂട് നിർമ്മിച്ച് നൽകി ഏറ്റവും കുറഞ്ഞത് 25 വീതം കോഴികളെ ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.ഈ പദ്ധതി വഴി കോഴിമുട്ട ഉത്പാദനത്തിൽ സ്വയംപര്യാപ്തത പഞ്ചായത്ത് ലക്ഷ്യമിടുന്നു.

- **<u>കുട്ടികൾക്കും,വയോജനങ്ങൾക്കും, പ്രത്യേകം പദ്ധതികൾ</u>**

ചെമ്പ്രയിലെ കുട്ടികളുടെ പാർക്ക്, തിരുവേഗപ്പുറയിലെ വയോജനകേന്ദ്രം എന്നിവ ഈ വർഷം പ്രവർത്തന സജ്ജമാക്കുന്നതിന് ലക്ഷ്യമിടുന്നു. കുട്ടികളുടെ കഴിവുകളും അഭിരുചികളും പ്രോത്സാഹിപ്പിക്കുന്നതിനും മാനസികോല്ലാസം നൽകുന്നതിനുമായി കുടംബശ്രീ വഴി നടപ്പിലാക്കുന്ന ബാലസഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കും. വാർധക്യ സഹജമായ പ്രയാസങ്ങൾ അനുഭവിക്കുന്ന വയോജനങ്ങൾക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ ലഭ്യമാക്കും.

- **<u>സ്മാർട് അംഗൻവാടികൾ,</u>**
  (പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികളും സ്മാർടാകുന്നു)

“കുട്ടികൾ ജീവിതത്തിന്റെ പൂക്കളാണ്, അവരെ സ്നേഹിക്കുന്നവർ രാജ്യത്തെ സ്നേഹിക്കുന്നു”.കുട്ടികളെയും പൂക്കളെയും സ്നേഹിച്ച ജവഹർലാൽ നെഹ്റുവിന്റെ വാക്കുകളാണിത്. കുട്ടികളാകുന്ന പൂക്കൾ സൗരഭ്യം പരത്തുന്ന ആരാമങ്ങളാണ് അംഗൻവാടികൾ. കളിച്ചും കഥ പറഞ്ഞും പാട്ടുപാടിയും ചിത്രം വരച്ചും കൂട്ടുകൂടിയും അവർഈ ആരാമങ്ങളിൽ വളരുന്നു. നമ്മുടെ അംഗൻവാടികൾ അക്ഷരാർത്ഥത്തിൽ ആരാമങ്ങളാക്കി മാറ്റുവാൻ ഈ വർഷം ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നു**. സ്മാർട് അംഗൻവാടി പദ്ധതിയിലൂടെ പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികളും നവീകരിക്കും, ഇതിനായി 20ലക്ഷം രൂപ വകയിരുത്തുന്നതാണ്.** വർണ്ണശബളമായി ചിത്രങ്ങളും വരകളും നിറച്ചാർത്തുകളും ചെയ്ത് അംഗൻവാടികൾക്ക് പുതിയ മുഖം നൽകും. കുട്ടികൾക്ക് മാനസികോല്ലാസം നൽകുന്നതിന് കൂടുതൽ കളിപ്പാട്ടങ്ങൾ ലഭ്യമാക്കും. ടോയ്ലെറ്റുകളും അടുക്കളയും നവീകരിച്ച് കുടുതൽ വൃത്തിയുള്ളതാക്കി മികച്ച അന്തരീക്ഷം സൃഷ്ടിക്കും. ഇത് വഴി കൂടുതൽ കുട്ടികളെ അംഗൻവാടികളിലേക്ക് ആകർഷിക്കാൻ കഴിയുമെന്നും കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വികാസം വർധിപ്പിക്കുന്നതിനും, ഇത് വഴി മികച്ച തലമുറയെ വാർത്തെടുക്കുന്നതിനും സാധിക്കുമെന്ന വലിയ പ്രതീക്ഷയാണ് ഭരണ സമിതിക്കുള്ളത്.

- **3 അംഗൻവാടികൾക്ക് പുതിയ കെട്ടിടം**

പഞ്ചായത്തിലെ 3 ആംഗൻവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഈ വർഷം തുക വകയിരുത്തും. സെന്റർ നമ്പർ 13- കൊഴികൊള്ളി, സെന്റർ നമ്പർ 7- കോതരപ്പുറം, സെന്റർ നമ്പർ 3-കൊളപ്രത്തൊടി എന്നീ **അംഗൻവാടികളുടെ നിർമ്മാണത്തിനായി 45 ലക്ഷം രൂപ അനുവദിക്കുന്നതാണ്.**

- **<u>ക്ലീൻ തിരുവേഗപ്പുറ സമ്പൂർണ്ണ മാലിന്യ മുക്ത പദ്ധതി</u>**

മാലിന്യ സംസ്ക്കരണ രംഗത്ത് പഞ്ചായത്തിന്റെ മുഖച്ചായ തന്നെ മാറ്റും വിധമുള്ള സമഗ്രമായ പദ്ധതികളാണ് ഈ വർഷം വിഭാവനം ചെയ്യുന്നത്. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും, ഇതിന് ആവശ്യമായ കൂടുതൽ ക്യാമ്പയിനുകൾ സംഘടിപ്പിക്കും.റിംഗ്

കമ്പോസ്റ്റ്/ബയോബിൻ കമ്പോസ്റ്റ് തുടങ്ങിയ ഉറവിട മാലിന്യ സംസ്ക്കരണ ഉപാധികൾ കൂടുതൽ വീടുകൾക്ക് ലഭ്യമാക്കും. ഓരോ പ്രദേശങ്ങളും മാലിന്യ മുക്തമാക്കുന്നതിന് പൊതു നിരത്തിലുള്ള പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്നതിന് പ്രത്യേകമായി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കും. പൊതു ഇടങ്ങളിലെ മാലിന്യ നിക്ഷേപം തടയുന്നതിന് സാധ്യമായ ഇടങ്ങളിലെല്ലാം സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കും. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്തിൽ ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കും.

മാലിന്യ സംസ്ക്കരണ രംഗത്ത് ഏറെ നാളായി നാം നേരിട്ടിരുന്ന പ്രതിസന്ധിയായിരുന്ന എം.സി.എഫ്. ഇന്ന് നമുക്കത് യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടുണ്ട്. എം.സി.എഫിൽ ആവശ്യമായ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും, ഹരിത കർമ്മസേനയെ കൂടുതൽ ശക്തമാക്കും ഇവർക്ക് ആവശ്യമായ ഉപകരണങ്ങളും പരിശീലനങ്ങളും ലഭ്യമാക്കും. മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനായി പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനുമായി പഞ്ചായത്ത്തലത്തിൽ ഹെൽത്ത് ഇൻസ്പെക്ടറെ പ്രത്യേകമായി നിയമിക്കും. നമ്മുടെയും,വളർന്ന് വരുന്ന നമ്മുടെ തലമുറകളുടെയും ആരോഗ്യ പൂർണ്ണമായ ജീവിതം ലക്ഷ്യം വെച്ചാണ് ഇത്തരം പ്രവർത്തനങ്ങളും പദ്ധതികളും നടപ്പിലാക്കുന്നത്. എന്നാൽ ഇതിനെയെല്ലാം തുരങ്കം വെക്കുന്ന രീതിയിൽ വെലിച്ചെറിയൽ സംസ്ക്കാരവും, മാലിന്യങ്ങൾ കത്തിക്കുന്നതും തുടർന്നാൽ ഇതെല്ലാം പാഴായിപ്പോകുന്ന അവസ്ഥയാണുണ്ടാവുക,ഇത്തരം പ്രവർത്തികൾ ചെയ്യുന്നത് തടയാനുള്ള ക്യാമ്പയിനുകൾ ശക്തമാക്കും. തുടർന്നും ഇത് ചെയ്യുന്നവരെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിനും, ഹരിതകർമ്മസേനക്ക് യൂസർഫീ നൽകാൻ വിമുഖ കാണിക്കുന്നവരെ കാര്യങ്ങൾ ഗൌരവത്തോടെ ബോധ്യപ്പെടുത്തുകയും തുടർന്നും തരാൻ തയ്യാറാവാത്തവരുടെ കെട്ടിട നികുതിയോടൊപ്പം യൂസർഫീ കളക്ട് ചെയ്യുന്നതിനുള്ള തീരുമാനവും കൈകൊള്ളുന്നതായിരിക്കും.

- **<u>ഫോക്ക്ലോർ പാർക്ക് പൂർത്തീകരണത്തിന് 25 ലക്ഷം</u>**

ഗ്രാമപഞ്ചായത്ത് ആസ്തിയിലുൾപ്പെട്ട തിരുവേഗപ്പുറ തൂതപ്പുഴയോരത്തുള്ള സ്ഥലം 2015 ൽ ടൂറിസം വകുപ്പിന് വിട്ട് നൽകുകയും ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ഫോക്ക്ലോർ പാർക്ക് എന്ന പേരിൽ പഞ്ചായത്ത് വിഭാവനം ചെയ്ത ടൂറിസം പാർക്ക് ഇവിടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിരുന്നു. ആദ്യഘട്ട നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിക്കുന്നതിന് മുമ്പ് തന്നെ പാർക്കിലേക്ക് വെള്ളം കയറുകയും നിർമ്മിതികൾ പലതും പുനരുപയോഗിക്കാനാവാത്ത വിധം നാശമാകുകയും ചെയ്തിരുന്നു. 2018 ലും 2019 ലും തുടർച്ചയായി ഉണ്ടായ പ്രളയങ്ങളിൽ പാർക്ക് പൂർണ്ണമായും വെള്ളത്തിനടിയിലാകുകയും കൂടുതൽ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. തുടർന്ന് ടൂറിസം വകുപ്പ് ഈ സ്ഥലം പഞ്ചായത്തിലേക്ക് തന്നെ തിരികെ ലഭ്യമാക്കി. നിലവിലെ സാഹചര്യത്തിൽ ഇനിയും പ്രളയം സംഭവിച്ചേക്കാം എന്ന സാധ്യതകൾ മുൻനിർത്തി തന്നെ **പാർക്ക് പ്രവർത്തന സജ്ജമാക്കി പൊതുജനങ്ങൾക്ക് തുറന്ന് നൽകുന്നതിന് പഞ്ചായത്ത് ലക്ഷ്യമിടുന്നു. 25 ലക്ഷം രൂപ ഇതിനായി വകയിരുത്തും.** പാർക്കിലെ നിലവിൽ തകർന്ന നിർമിതികളുടെ പുനർ

നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, ലാൻഡ്സ്കേപ്പ് ചെയ്ത് മനോഹരമാക്കുന്ന പ്രവർത്തി, കളിയുപകരണങ്ങൾ സ്ഥാപിക്കൽ തുടങ്ങിയ കാര്യങ്ങൾ ചെയ്ത് എത്രയും വേഗം തന്നെ തുറന്ന് നൽകുവാൻ ആണ് ഉദ്ദേശിക്കുന്നത്.

➢ **<u>കായിക മേഖലയിൽ പഞ്ചായത്ത് സ്പോർട്സ് പാർക്ക്</u>**

ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ കായിക മേഖലക്ക് സുപ്രധാന പങ്കാണുള്ളത്. കായിക മേഖലയുടെ ഉന്നമനം ലക്ഷ്യം വെച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കുവാൻ പഞ്ചായത്ത് ലക്ഷ്യമിടുന്നുണ്ട്. ഇതിൽ ഏറ്റവും സുപ്രധാനമായ ഒന്നാണ് പഞ്ചായത്തിലെ യുവജനങ്ങൾക്കായി സമർപ്പിക്കുന്ന **സ്വപ്ന പദ്ധതിയായ തൂതപ്പുഴയോരത്തെ സ്പോർട്സ് പാർക്ക്**. നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന ഫുട്ബോൾ ഗ്രൗണ്ടിന്റെ പ്രവർത്തികൾ ഏകദേശം അന്തിമ ഘട്ടത്തിലെത്തി നിൽക്കുകകയാണ്. ഇത് കൂടാതെ ക്രിക്കറ്റ് പ്രാക്ടീസിനുള്ള നെറ്റ്സ്, വോളിബോൾ ഗ്രൗണ്ട്, ഓപ്പൺ ജിംനേഷ്യം തുടങ്ങി മറ്റു കായിക ഇനങ്ങൾക്ക് കൂടി സൗകര്യം ഏർപ്പെടുത്തി ഈ പ്രദേശം ഒരു സ്പോർട് പാർക്ക് ആക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ഈ വർഷത്തിൽ ആസൂത്രണം ചെയ്യുന്നതാണ്.

- **പഞ്ചായത്ത് തലത്തിൽ, ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ് ടീമുകൾ**

പ്രത്യേകമായ സെലക്ഷൻ ക്യാമ്പ് സംഘടിപ്പിച്ച് പഞ്ചായത്ത് തലത്തിൽ ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ ടീമുകൾ രൂപീകരിക്കുകയും, ഇവർക്ക് ആവശ്യമായ പരിശീനം നൽകുകയും,പഞ്ചായത്തിനെ പ്രതിനീധീകരിച്ച് ടൂർണമെന്റുകളിൽ ഉൾപ്പെടെ പങ്കെടുപ്പിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തികളും നടപ്പിലാക്കുവാനുദ്ദേശിക്കുന്നു.

- **ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്**

രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് ലഭ്യമാക്കും,

- **സ്കൂൾ വിദ്യാർത്ഥികൾക്ക് അത്ലറ്റിക്സ് പരിശീലനം**

സ്കൂൾ വിദ്യാർത്ഥികൾക്ക് അത്ലറ്റിക്സ് ഇനങ്ങളുടെ പരിശീലനത്തിന് വേണ്ട പദ്ധതി ആസൂത്രണം ചെയ്യുന്നതാണ്.

➢ **<u>കുടിവെള്ളം</u>**

തിരുവേഗപ്പുറ, പരുതൂർ, മുതുതല പഞ്ചായത്തുകൾക്കായി നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയായ ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ നമ്മുടെ നാട്ടിലെ കുടിവെള്ള വിതരണം കൂടുതൽ കാര്യക്ഷമമാകും എന്ന് പ്രതീക്ഷിക്കുന്നു. ജൽജീവൻ മിഷൻ പദ്ധതികൾ പുരോഗമിക്കുന്നിതാൽ പുതിയ കുടിവെള്ള പദ്ധതികൾ നിലവിൽ ഏറ്റടുക്കുവാൻ പഞ്ചായത്തിന് പരിമിധിയുണ്ട്. എങ്കിലും നിർമ്മാണം പുരോഗമിക്കുന്ന കുടിവെള്ള പദ്ധതികൾ ഉടൻ പൂർത്തിയാക്കുന്നതിനും പ്രവർത്തന

രഹിതമായവ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കും. പൊതു കിണറുകളുടെ നവീകരണ പ്രവർത്തികൾ നടപ്പിലാക്കും, വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കും.

- **<u>കുളക്കാട്ടുകുളം നവീകരിക്കുന്നതിന് 25 ലക്ഷം രൂപ</u>**

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട പഞ്ചായത്തിലെ തന്നെ ഏറ്റവും വലിയ പൊതു കുളങ്ങളിലൊന്നായ **മാഞ്ഞാമ്പ്രയിലെ കുളക്കാട്ടുകുളം നവീകരിക്കുന്നതിന് ആദ്യഘട്ടമായി 25 ലക്ഷം രൂപ വകയിരുത്തുന്നു**. ഇതോടൊപ്പം ലഭ്യമാക്കാൻ കഴിയുന്ന ഇതര വിഭവ സ്രോതസ്സുകൾ കൂടി ലഭ്യമാക്കുന്നതിനും കുളം പൂർണ്ണമായും ആധുനിക വൽക്കരിച്ച് മനോഹരമാക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്.

- **<u>പട്ടികജാതി ക്ഷേമം</u>**

പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം,സാമൂഹ്യവികസനം,പശ്ചാത്തല സൗകര്യ വികസനം എന്നിവ കൈവരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് തുക വയിരുത്തും, സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് സബ്സിഡി ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതാണ്. പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠന പ്രോത്സാഹനത്തിനുള്ള പദ്ധതികൾക്ക് തുക വകയിരുത്തും. കൂടാതെ സബ്ജില്ല,ജില്ല സംസ്ഥാന, യൂണിവേഴ്സിറ്റി തലങ്ങളിൽ കലാകായിക മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്യുന്നതാണ്. ഗ്രാമപഞ്ചായത്ത് തനത് പദ്ധതിയായ മുട്ടഗ്രാമം ഗ്രാമപദ്ധതിയിൽ പട്ടികജാതി വിഭാഗത്തിന് മുഖ്യപരിഗണന നൽകുന്നതായിരിക്കും. ഭവന നിർമ്മാണം, പുനരുദ്ധാരണ പദ്ധതികൾക്ക് തുക വകയിരുത്തും.

- **<u>മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

2005 പാർലമെൻറ് പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതിനും. ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും,ഉൽപാദനക്ഷമതയുള്ളതുമായ ആസ്തികളുടെ സൃഷ്ടിയുമാണ് ഈ പദ്ധതിയുടെ മുഖ്യമായ ലക്ഷ്യം. പദ്ധതിയുടെ യഥാർത്ഥ സാധ്യത ഉപയോഗപ്പെടുത്തുന്നതിനും മറ്റ് കേന്ദ്ര-സംസ്ഥാന പദ്ധതികളുമായി സംയോജിപ്പിച്ച് കൂടുതൽ കാലം നിലനിൽക്കുന്നതുമായ ആസ്തികൾ നിർമ്മിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾക്കാണ് 2024-25 സാമ്പത്തികവർഷം തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് മുഖ്യ പരിഗണന നൽകുന്നത്. ജലസംരക്ഷണവുമായി ബന്ധപ്പെട്ട് കിണർ നിർമ്മാണം, കുളം

നിർമ്മാണം, കിണർ റീചാർജ് പ്രവർത്തികൾ തടയണ, ബ്രഷ് വുഡ് തടയണ, മഴക്കുഴികൾ, കുളങ്ങളുടെ പുനരുദ്ധാരണം, തരിശ് ഭൂമി വികസനം, തോട് പുനരുദ്ധാരണം, തോടുകളിലും കുളങ്ങളിലും കയർഭൂവസ്ത്രം വിരിക്കൽ തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. സ്വകാര്യഭൂമിയിലെ ഇടപെടലുകളുടെ ഭാഗമായി കൃഷി ആവശ്യത്തിന് കുളം നിർമ്മാണം, കിണർ നിർമ്മാണം, കോണ്ടൂർ ബണ്ട് നിർമ്മാണം, മഴക്കുഴി കല്ല്കയ്യാല,വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, തൊഴുത്ത് നിർമ്മാണം ആട്ടിൻ കൂട് കോഴിക്കൂട്, അസോള ടാങ്ക് കമ്പോസ്റ്റ് പിറ്റ്, സോക്കേജ് പിറ്റ്, തീറ്റപ്പുൽ കൃഷി തുടങ്ങിയ നിരവധി പ്രവർത്തികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സ്വയം സഹായ സംഘങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡുകളുടെ നിർമ്മാണവും നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രകൃതി വിഭവ പരിപാലനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 2 കോടി രൂപയും വ്യക്തിഗത ഗുണഭോക്താക്കളുടെ ഭൂമിയിലെ പ്രവർത്തികൾക്ക് 70 ലക്ഷം രൂപയും പൊതു ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾക്ക് 80 ലക്ഷം രൂപയും ഈ വർഷം ചെലവഴിക്കുവാൻ കഴിയുമെന്ന് ലക്ഷ്യമിടുന്നു. നടപ്പ് സാമ്പത്തിക വർഷം നാളിത് 2.67 കോടി രൂപയുടെ പദ്ധതികളും, 61173 തൊഴിൽ ദിനങ്ങളും 411 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിലും നൽകിയിട്ടുണ്ട്. 2024-25 വർഷത്തിൽ 70000 തൊഴിൽ ദിനങ്ങളും, 600 പേർക്ക് 100 ദിവസത്തെ തൊഴിലും 3.5 കോടി രൂപയുടെ പദ്ധതികളും നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

- **<u>ജനസൗഹൃദ ഗ്രാമപഞ്ചായത്ത്</u>**

ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും നൽകുന്ന സേവനങ്ങൾ ഏറ്റവും വേഗത്തിലും ആയാസ രഹിതവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സേവനങ്ങൾ നൽകുന്നതിന് സേവനാവകാശ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തന്നെ സേവനങ്ങൾ ലഭ്യമാകുന്നെണ്ടെന്ന് ഉറപ്പാക്കും. ഈ സമയം പരമാവധി കുറച്ച് കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ ഐ.എസ്.ഒ സർട്ടഫിക്കേഷനുള്ള ഗ്രാമപഞ്ചായത്ത് ഓഫീസ് ആണ് നമ്മുടേത് ആയത് നിലനിർത്തി കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സേവനങ്ങളിൽ വേഗത ഉറപ്പുവരുത്തുന്നതോടൊപ്പം ഓഫീസിന്റെ ഭൗതിക സാഹചര്യങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിന് വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യും. ഫ്രണ്ട് ഓഫീസ്, കാത്തിരിപ്പ് കേന്ദ്രങ്ങൾ, മീറ്റിംഗ് ഹാൾ, ബാക്ക് ഓഫീസ് തുടങ്ങി ഓഫീസ് സമുച്ചയത്തിൽ സമൂലമായ മാറ്റത്തിന് തുടക്കം കുറിക്കുന്ന പദ്ധതിക്ക് തുക വകയിരുത്തും. സേവനം വിരൽത്തുമ്പിൽ എന്ന ആശയം അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കി ഗ്രാമപഞ്ചായത്തിനെ സംസ്ഥാന തലത്തിൽ തന്നെ ശ്രദ്ധേയമാക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്നു. കേന്ദ്ര-സംസ്ഥാന അവാർഡുകൾ പലതവണ കരസ്ഥമാക്കി തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിനെ ശ്രദ്ധേയമാക്കിയ ശ്രദ്ധേയമാക്കിയ മുൻകാല ഭരണസമിതികളുടെ മാതൃക തുടരുവാൻ ശ്രമിക്കുന്നതാണ്.

തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തെ ബജറ്റ് സംഗ്രഹം	
പ്രാരംഭ ബാക്കി	6180146
2024-25 വർഷത്തെ വരവ്	415329000
ആകെ	421509146
2023-24 വർഷത്തെ ചെലവ്	418290000
നീക്കിബാക്കി	3219146
2024-25 വർഷത്തെ വരവിനങ്ങൾ	
മുൻ ബാക്കി	6180146
നികുതിവരുമാനം	
വസ്തുനികുതി	8200000
തൊഴിൽ നികുതി	2000000
ആകെ നികുതി വരുമാനം	10200000
നികുതിയേതര വരുമാനം	
ഫീസ് ആന്റ് യൂസർചാർജ്ജ്	4260000
വിൽപ്പന	260000
പലിശ	500000
വാടക	35000
ആകെ നികുതിയേതര വരുമാനം	**5055000**

ബഡ്ജറ്റ് വരവ്	
ജനറൽപർപ്പസ്ഗ്രാന്റ്	23606000
വികസനഫണ്ട്-ജനറൽ	28616000
ധനകാര്യകമ്മീഷൻ ഗ്രാന്റ്	12053000
പട്ടികജാതി	8761000
മെയിന്റനൻസ്ഗ്രാന്റ് -റോഡ്	21843000
മെയിന്റനൻസ്ഗ്രാന്റ് -നോൺറോഡ്	6200000
ആകെ ബഡ്ജറ്റ്	101079000
കേന്ദ്രാവിഷ്കൃതപദ്ധതികൾക്കുള്ള വിഹിതം	
നാഷണൽ ഹെൽത്ത് മിഷൻ ഹെൽത്ത് ഗ്രാന്റ്	2000000
നാഷണൽ ഹെൽത്ത് മിഷൻ സ്പെഷൽ ഗ്രാന്റ്	4800000
ഐ.സി.ഡി.എസ്	2500000
ദേശീയതൊഴിലുറപ്പ് പദ്ധതി	35000000
സ്വച്ച ഭാരത് മിഷൻ	*2500000*
ജലജീവൻമിഷൻ-പുനരുദ്ധാരണ നഷ്ടപരിഹാരം	40000000
ആകെ	86800000
സംസ്ഥാനാവിഷ്കൃതപദ്ധതികൾക്കുള്ള വിഹിതം	
ലൈഫ് സ്റ്റേറ്റ് വിഹിതം	35000000
പ്രീ മൺസൂൺ ക്യാമ്പയിൻ	180000

ലൈബ്രറി ഗ്രാന്റ്	15000
ആകെ	35195000
പദ്ധതികൾക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം	10000000
പദ്ധതികൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം	6000000
സംസ്ഥാനാവിഷ്കൃതപരിപാടികൾക്കുള്ള വിഹിതം	80000000
ഗുണഭോക്തൃ വിഹിതം	1000000
വായ്പ-മറ്റുള്ളവ	80000000
ആകെ	**177000000**
ആകെ വരവ്	**415329000**
മുൻബാക്കി+വരവ്	**421509146**
2024-25 ചെലവിനങ്ങൾ	
അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ	
ശമ്പളം	10000000
കൂലി	700000
ബോണസ്	50000
യാത്രാബത്ത	500000
ജനപ്രതിനിധികൾക്കുള്ള ഓണറേറിയം	1700000
ജനപ്രതിനിധികൾക്കുള്ള ,സിറ്റിംഗ് ഫീ മുതലായവ	350000

ജനപ്രതിനിധികൾക്കുള്ള യാത്രാബത്ത	200000
പെൻഷൻ വിഹിതം അടവാക്കൽ	1200000
അവധി ശമ്പളം	500000
സേവന വിരാമ ആനുകൂല്യങ്ങൾ	1000000
ജീവനക്കാര്യത്തിലുള്ള മറ്റ്ചെലവുകൾ	100000
ജീവനക്കാര്യത്തിലുള്ള ആകെ ചെലവുകൾ	**16300000**
ഓഫീസ ചെലവ്	500000
വാർത്താവിനിമയ ചെലവുകൾ	300000
പുസ്തകങ്ങളും ആനുകാലികങ്ങളും	100000
സ്റ്റേഷനറി ,അച്ചടി ചെലവുകൾ	500000
ഇൻഷൂറൻസ്	60000
നീതിന്യായ ചെലവുകൾ	100000
മറ്റ് പ്രഫഷണൽ ചെലവുകൾ	50000
മെമ്പർഷിപ്പ്യവരിസംഖ്യ	50000
തെരഞ്ഞെടുപ്പ് ചെലവ്	1000000
അസാധാരണ ചെലവ്	200000
പരസ്യവും പ്രചരണവും	200000
മറ്റ് ഭരണ ചെലവുകൾ	500000
ആകെ ഭരണ ചെലവുകൾ	**3560000**

ഡീസൽ	500000
വൈദ്യുതി	1500000
വാഹന വാടക	300000
വാട്ടർ ചാർജ്ജ്	30000
സാമഗ്രികൾ വാങ്ങൽ	100000
സംരക്ഷണം,അറ്റകുറ്റപ്പണികൾ-വൈദ്യുതി	800000
സംരക്ഷണം,അറ്റകുറ്റപ്പണികൾ-ജംഗമ വസ്തുക്കൾ	200000
സംരക്ഷണം,അറ്റകുറ്റപ്പണികൾ-സ്ഥിര ആസ്തികൾ	200000
മറ്റ് സംരക്ഷണ,നടത്തിപ്പ് ചെലവുകൾ	1000000
ആകെ സംരക്ഷണ,നടത്തിപ്പ് ചെലവുകൾ	**4630000**
പ്ലാൻ റവന്യൂ ചെലവുകൾ	
ഉൽപ്പാദനമേഖല	
നെൽകൃഷി	5000000
ക്ഷീരവികസനം	400000
തെങ്ങ്കൃഷി	1000000
പച്ചക്കറി കൃഷി	300000
പുഷ്പകൃഷി	200000
കാർഷിക വിപണനം	100000
മറ്റ് കാർഷിക പദ്ധതികൾ	100000

മുട്ട ഗ്രാമം	1050000
മൃഗാശുപത്രിയിലേക്ക് മരുന്ന്	200000
ചെറുകിടജലസേചനം	1500000
വെള്ളപ്പൊക്കനിവാരണം	500000
വ്യവസായം-ചെറുകിടസംരഭങ്ങൾ (വനിത)	1500000
വ്യവസായം-ചെറുകിടസംരഭങ്ങൾ (ഭിന്നശേഷി)	500000
സേവന സംരഭങ്ങൾ	100000
ആകെഉൽപ്പാദനമേഖല	**12450000**
സേവനമേഖല	
സാക്ഷരത,തുടർവിദ്യാഭ്യാസം	50000
എഡുവേഗ-സമഗ്ര വിദ്യാഭ്യാസപദ്ധതി	200000
എസ്.എസ്.എ വിഹിതം	1500000
കേരളോത്സവം	150000
ഗെയിംസ് ഫെസ്റ്റ്	200000
ക്ലബുകൾക്ക് സ്പോട്സ് കിറ്റ്	200000
വായനശാലകളും റീഡിംഗ് റൂമുകളും	300000
കല-സംസ്കാരം	300000
പൊതു ആരോഗ്യപരിപാടികൾ	
ഹെൽത്ത് സെന്ററുകൾ,ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ	1000000

സാന്ത്വനം-പെയിൻ ആന്റ് പാലിയേറ്റീവ്	1000000
സാന്ത്വനം-പെയിൻ ആന്റ് പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങൽ	500000
വൃക്ക മാറ്റിവച്ചവർക്ക് മരുന്ന്	900000
വൃക്ക രോഗികൾക്ക് മരുന്ന്/അനുബന്ധ സാമഗ്രികൾ വിതരണം	600000
ഡയാലിസിസ് രോഗികൾക്ക് ധന സഹായം	400000
കാൻസർ രോഗികൾക്ക് മരുന്ന്	200000
മരുന്നുകൾ അലോപ്പതി	600000
മരുന്നുകൾ ആയുർവേദം	700000
മരുന്നുകൾ ഹോമിയോ	200000
പകർച്ചവ്യാധി നിയന്ത്രണം	200000
ആശുപത്രി മാലിന്യപരിപാലനം	100000
ക്ലീൻ തിരുവേഗപ്പുറ സമഗ്ര മാലിന്യ നിർമാർജ്ജന പദ്ധതി	
പൊതുമാലിന്യസംസ്കരണം ശുചിത്വം-ക്ലീൻ തിരുവേഗപ്പുറ	1300000
ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ	200000
തെരുവോരങ്ങളുടെ സൌന്ദര്യ വത്കരണം	500000
സി.സി.ടി.വി കാമറകൾ സ്ഥാപിക്കൽ	500000
ബോട്ടിൽ കളക്ഷൻ ബാങ്കുകൾ സ്ഥാപിക്കൽ	500000
കളക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതി	500000

ഭവനനിർമ്മാണം(ലൈഫ്,പി എം എ വൈ)	140000000
ഓഫീസ് വൈദ്യുതീകരണം/ജനറേറർ വാങ്ങൽ	1000000
വൈദ്യുതീ ലൈൻ നീട്ടൽ	500000
വയോജനസൌഹൃദ പരിപാടികൾ	500000
സമഗ്ര അനുപൂരക പോഷകാഹാര പരിപാടി	3000000
കരുതൽ-ഭിന്നശേഷി സൌഹൃദപദ്ധതികൾ	2000000
ബഡ്സ് സ്കൂൾ	2000000
പട്ടികജാതി പഠന ഉപകരണങ്ങൾ	500000
കുടിവെള്ള പദ്ധതികൾ/ കുടിവെള്ള വിതരണം	1000000
അങ്കണവാടി പശ്ചാത്തലസൌകര്യങ്ങൾ/കെട്ടിടങ്ങൾ	4500000
സ്മാർട്ട് അങ്കണവാടി	2000000
റെസ്പോൺസിബിൾ ടൂറിസം,ഫോക്ലോർ പാർക്ക്	2500000
സർവ്വേകളും പഠനങ്ങളും	300000
പദ്ധതിരൂപീകരണവും,മോണിറ്ററിംഗ്	200000
സദ്ഭരണം	100000
കമ്പ്യൂട്ടർവൽക്കരണം	200000
ആകെ സേവന മേഖല	**173100000**

പശ്ചാത്തലമേഖല	
തെരുവ് വിളക്കുകൾ	500000
റോഡുകൾ	70000000
വാഹനങ്ങൾ	100000
ഹരിത കർമ്മ സേനക്ക് വാഹനം വാങ്ങൽ	1500000
പൊതുകെട്ടിടങ്ങൾ	5000000
വെളുത്തൂർ നോർത്ത് സബ്സെന്റർ കെട്ടട നിർമ്മാണം	2750000
മാഞ്ഞാമ്പ്ര കുളക്കാട്ടുകുളം നവീകരണം	2000000
ആകെ പശ്ചാത്തലമേഖല	**81850000**
ഘടക സ്ഥാപനങ്ങളുടെ നവീകരണം	4750000
റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പദ്ധതികൾ ഹോമിയോ	500000
ആകെ റോഡ് ഇതര മെയിന്റനൻസ്	**5250000**
മേഖല വിഭജനത്തിൽ ഉൾപ്പെടാത്തവ	
ഘടക സ്ഥാപനങ്ങളുടെ നോൺ പ്ലാൻ ചെലവുകൾ	500000
ആശ്രയ	500000
ഐ.കെ.എം വിഹിതം	150000
ആകെ	**1150000**
തൊഴിലുറപ്പ് പദ്ധതി	35000000

സംസ്ഥാനാവിഷ്കൃതപരിപാടികൾ	80000000
വായ്പാ തിരിച്ചടവ്	5000000
ആകെ	**120000000**
ആകെ ചെലവ്	**418290000**